**COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org

No. R.1038/2025

Dated : 21/02/2025

## ടെണ്ടർ

കൊച്ചിൻ ദേവസ്വം ബോർഡ് ശ്രീ വടക്കുന്നാഥൻ ക്ഷേത്ര മൈതാനിയിൽ തൃശ്ശൂർപൂരം എക്സിബിഷ തൃശ്ശൂർപൂരം എക്സിബിഷൻ ഗ്രൗണ്ടിന് മുൻവശത്ത് തൃശ്ശൂർപൂരം എക്സിബിഷ നോടനുബന്ധിച്ച് 01/04/2025 മുതൽ 22/05/2025 വരെ പേ & പാർക്ക് സംവിധാനത്തിൽ വാഹനപാർക്കിംഗ് ഏറ്റെടുത്ത് നടത്തുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറിനോടൊപ്പം കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന ക്വാട്ട് ചെയ്യുന്ന സംഖ്യയുടെ 2.5% വരുന്ന സംഖ്യയുടെ ഡി.ഡി നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ടെണ്ടർ കവറിന് മുകളിൽ തൃശ്ശൂർപൂരം എക്സിബിഷൻ 2025 ടെണ്ടർ പേ & പാർക്ക് എന്ന് രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടറുകൾ 28/02/2025 3 പി.എം വരെ തൃശ്ശൂർ റൗണ്ട് നോർത്തിൽ ഉള്ള കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സ്വീകരിക്കുന്നതാണ്. ടെണ്ടറുകൾ അന്നേ ദിവസം 3.30 പി.എം ന് ടെണ്ടർ സമർപ്പിച്ചവരിൽ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും കൂടുതൽ സംഖ്യക്ക് ടെണ്ടർ സമർപ്പിച്ചിട്ടുള്ള വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരിൽ ടെണ്ടർ ഉറപ്പിക്കുന്നതുമാണ്.

ടെണ്ടർ ലഭിച്ച വ്യക്തി ടെണ്ടർ തുകയുടെ 25% സംഖ്യയും, ജി.എസ്.ടിയും ഉടൻ അടക്കേണ്ടതാണ്. ബാക്കി ടെണ്ടർ പ്രകാരമുള്ള സംഖ്യയുടെ 50% സംഖ്യയും, ജി.എസ്.ടിയും കൂടി ടെണ്ടർ ഉറപ്പിച്ച ഉത്തരവ് കൈപ്പറ്റി 3 ദിവസത്തിനകം കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ അടക്കേണ്ടതാണ്. ബാക്കി സംഖ്യയും ജി.എസ്.ടിയും കൂടി 20/04/2025 നുമുമ്പായി അടക്കേണ്ടതാണ്. ഇതിൽ വീഴ്ച്ചവരുത്തുന്ന പക്ഷം ദിവസങ്ങളിൽ 12% പലിശയും, ജി.എസ്.ടിയും ചേർത്ത് അടക്കേണ്ടതാണ്. ടെണ്ടർ ലഭിച്ച വ്യക്തി താഴെ പറയുന്ന നിബന്ധനകൾ പാലിച്ചുമാത്രം Pay & Park നടത്തേണ്ടതാണ്. മേൽ കാണിച്ച കാലാവധിക്കകം മുഴുവൻ സംഖ്യയും അടച്ചുതീർക്കാത്തപക്ഷം ടി ടെണ്ടർ അസാധുവാക്കുന്നതും

ടെണ്ടർ കൊണ്ട വ്യക്തിയുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം/ടെണ്ടർ നടത്തുകയോ മറ്റു യുക്തമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതാണ്.

## നിബന്ധനകൾ

1. ടെണ്ടറിൽ ക്വാട്ട് ചെയ്ത സംഖ്യയുടെ നിയമാനുസൃത ജി.എസ്.ടി. കൂടി ടെണ്ടർ കൊണ്ട വ്യക്തി അടക്കേണ്ടതാണ്.

2. പാർക്കിംഗിന് ആവശ്യമായ ലൈസൻസ് തൃശ്ശൂർ കോർപ്പറേഷനിൽ നിന്നും ടെണ്ടർ കൊണ്ട വ്യക്തി സ്വന്തം ചെലവിൽ എടുക്കേണ്ടതാണ്.

3. പാർക്കിംഗ് സ്ഥലത്തേക്കാവശ്യമായ ബാരിക്കേഡ്, വൈദ്യുതി, വെളിച്ചം എന്നിവ ടെണ്ടർ കൊണ്ട വ്യക്തിയുടെ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്.

4. പാർക്കിംഗ് ഏരിയായിൽ പാർക്ക് ചെയ്ത വാഹനങ്ങളുടെ പരിപൂർണ്ണ സുരക്ഷിതത്വം ടെണ്ടർ കൊണ്ട വ്യക്തിയുടേത് മാത്രമായിരിക്കും, ആയതിൽ കൊച്ചിൻ ദേവസ്വം ബോർഡിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

5. പാർക്കിംഗ് ഗ്രൗണ്ടിലും മറ്റും അനാശാസ്യപ്രവൃത്തികൾ ഉണ്ടാകാതിരിക്കാൻ ടെണ്ടർ കൊണ്ട വ്യക്തി ശ്രദ്ധിക്കേണ്ടതാണ്.

6. പാർക്കിംഗ് പരിസരം ടെണ്ടറുകാരന്റെ സ്വന്തം ഉത്തരവാദിത്വത്തിലും, ചെലവിലും ശുചിയാക്കി സംരക്ഷിക്കേണ്ടതാണ്.

7. പാർക്കിംഗിന് താഴെ പറയുന്ന നിരക്കിൽ മാത്രമേ പാർക്കിംഗ് ഫീ ഈടാക്കാൻ പാടുള്ളൂ.

| | | |
|---|---|---|
| ബൈക്ക് | - | 20/- പ്രതിദിനം |
| ഓട്ടോറിക്ഷ | - | 30/- പ്രതിദിനം |
| കാർ | - | 50/- പ്രതിദിനം |
| ട്രാവലർ | - | 70/- പ്രതിദിനം |

ബസ്സ് - 100/- പ്രതിദിനം

ലോറി - 100/- പ്രതിദിനം

8. പ്രദർശന കാലയളവ് ദീർഘിപ്പിക്കുന്ന സാഹചര്യമുണ്ടായാൽ ദീർഘിപ്പിച്ച ദിവസം മുതൽ പ്രദർശനം അവസാനിക്കുന്ന ദിവസം വരെ ടെണ്ടർ സംഖ്യക്കനുസരിച്ചുള്ള ആനുപാതിക പ്രതിദിന വാടകയും ജി.എസ്.ടി.യും കൂടി ടെണ്ടർ കൊണ്ട വ്യക്തി അടക്കേണ്ടതാണ്.

9. പാർക്കിംഗ് സ്ഥലത്തേക്ക് എപ്പോൾ വേണമെങ്കിലും പ്രവേശിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കൊച്ചിൻ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ദേവസ്വം ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ ടെണ്ടർ കൊണ്ട വ്യക്തി ബാദ്ധ്യസ്ഥനാണ്.

10. ടെണ്ടർ വ്യവസ്ഥകളിൽ ഏതെങ്കിലും തരത്തിൽ വീഴ്ച്ച വരുത്തുന്ന പക്ഷവും ടെണ്ടർ വ്യവസ്ഥക്കനുസരിച്ചുള്ള കാലാവധി അവസാനിക്കുന്നതിന് മുമ്പ് ടെണ്ടർ കൊണ്ട വ്യക്തി സ്വമേധയാ ഒഴിവാകുന്ന പക്ഷവും ടിയാന്റെ ടെണ്ടർ ഒഴിവാക്കി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇതു മൂലം വരുന്ന സകല നഷ്ടകഷ്ടങ്ങൾക്കും ടെണ്ടർ കൊണ്ട വ്യക്തി മാത്രം ഉത്തരവാദി ആയിരിക്കുന്നതാണ്.

11. ടെണ്ടറിൽ നിന്നും സ്വമേധയ ഒഴിവാകുന്ന പക്ഷം നിരതദ്രവ്യമായി അടച്ച സംഖ്യ യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല.

12. മേൽ പറഞ്ഞ എല്ലാ നിബന്ധനകളും ഉൾപ്പെടുത്തി ടെണ്ടർ കൊണ്ട വ്യക്തി സ്വന്തം ചെലവിൽ നിയമാനുസൃത മുദ്രപേപ്പറിൽ കരാർ തയ്യാറാക്കി ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.

13. ടെണ്ടർ കൊണ്ട സംഖ്യകൾ ടെണ്ടർ കാലാവധിക്കുശേഷം ഏതെങ്കിലും കാരണവശാൽ അടവു വരുത്തുന്നതിന് വീഴ്ച്ച വരുത്തുന്നപക്ഷം പ്രസ്തുത സംഖ്യ റവന്യൂ റിക്കവറി നടപടി വഴി പിരിച്ചെടുക്കുന്നതിനും മറ്റു നിയമ നടപടികൾ സ്വീകരിക്കുന്നതിനും കൊച്ചിൻ ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

14. ടെണ്ടർ സംഖ്യ മുഴുവനായും അടച്ച് മറ്റ് ബാധ്യതകൾ ഇല്ലെന്ന് ഉറപ്പ് വരുത്തിയ ശേഷം നിരതദ്രവ്യം സംഖ്യ ടെണ്ടർ കൊണ്ട വ്യക്തിക്ക് ടെണ്ടർ കാലാവധിക്ക് ശേഷം പലിശരഹിതമായി തിരികെ നൽകുന്നതാണ്.

15. ടെണ്ടർ കൊണ്ട വ്യക്തി വാഹനപാർക്കിംഗ് പിരിക്കുന്ന സമയം വാഹന ഉടമകളോടും മറ്റും വളരെ മാന്യമായി പെരുമാറേണ്ടതും പരാതിക്ക് ഇടവരുത്താൻ പാടില്ലാത്തതുമാണ്.

16. പാർക്കിംഗിന് അനുവദിക്കുന്ന സ്ഥലത്ത് പാർക്കിംഗിനായി മാത്രം ഉപയോഗിക്കേണ്ടതും മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്.

17. ടെണ്ടർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലം പൂർവ്വസ്ഥിതിയിലാക്കി കൊച്ചിൻ ദേവസ്വം ബോർഡിന് തിരികെ ഏൽപ്പിക്കേണ്ടതാണ്.

18. ടെണ്ടർ തുകയ്ക്ക് തുല്യമായ ബാങ്ക് ഗ്യാരണ്ടി ടെണ്ടർ കൊണ്ട വ്യക്തി സമർപ്പിക്കേണ്ടതാണ്.

19. പാർക്കിംഗ് ഏരിയായിൽ പരസ്യബോർഡുകളോ, ബാനറുകളോ, ഹോർഡിംഗ്സുകളോ സ്ഥാപിക്കുകയോ ഭക്തജനങ്ങൾക്കും, കാൽനടയാത്രകാർക്കും തടസ്സം വരുന്ന വിധത്തിൽ ബാരിക്കേഡുകൾ സ്ഥാപിക്കുവാനോ പാടുള്ളതല്ല.

20. ടി സ്ഥലം ടെണ്ടർ കൊണ്ട വ്യക്തി സ്വന്തം ചെലവിൽ 3-ാം പാർട്ടിക്കടക്കം ക്ലെയിം ലഭിക്കുന്ന രീതിയിൽ ഇൻഷ്വർ ചെയ്യേണ്ടതും എഗ്രിമെന്റ് വെച്ച് ഒരാഴ്ച്ചക്കകം ഇൻഷ്വർ സർട്ടിഫിക്കേറ്റ് കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതുമാണ്.

21. ടെണ്ടറുകൾ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ ടെണ്ടർ നടപടികൾ നിർത്തി വെയ്ക്കുന്നതിനും, അസാധുവാക്കുന്നതിനും മറ്റു യുക്തമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കുന്നതിനും താഴെ ഒപ്പിടുന്ന ഉദ്യോഗസ്ഥന്/ ഉദ്യോഗസ്ഥക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ ടെണ്ടറിനെപ്പറ്റി കൂടുതൽ എന്തെങ്കിലും അറിയാൻ ആഗ്രഹിക്കുന്നവർ തൃശ്ശൂർ റൗണ്ട് നോർത്തിൽ ഉള്ള കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്